ലഭിച്ചിട്ടുണ്ട്. ഡാമുകൾ ഡീസിൽറ്റ് ചെയ്ത് ചെളിയും മണലും വിറ്റതിലൂടെ 2009-10 സാമ്പത്തിക വർഷത്തിൽ 56.22 ലക്ഷം രൂപയും 2010-11 സാമ്പത്തിക വർഷത്തിൽ 896.87 ലക്ഷം രൂപയും സ്വരൂപിച്ചിട്ടുണ്ട്. ആധാരങ്ങളിൽ വിലകുറച്ച് വച്ചതുമായി ബന്ധപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടികേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 2009-10 സാമ്പത്തിക വർഷം 63.77 കോടി രൂപയും 2010-11 സാമ്പത്തിക വർഷം 9-7-2010 വരെ 1.57 കോടി രൂപയും വരുമാനം ലഭിച്ചിട്ടുണ്ട്. മറ്റ് അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽ നിന്നും ഉണ്ടായ വരുമാനത്തെപ്പറ്റിയുള്ള വിവരം ശേഖരിച്ച് വരുന്നു.

**സർക്കാർ നിയന്ത്രണത്തിൽ മണൽ ഖനനം**

**131 (T5836)** ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡാമുകളിൽ നിന്നുള്ള മണൽ ഖനനംവഴി ലഭിച്ച വരുമാനത്തിൽ നിന്ന് അതാതു ജില്ലകളിലെ വികസന പ്രവർത്തനത്തിനായി തുക നീക്കിവെച്ചിട്ടുണ്ടോ ; എങ്കിൽ പാലക്കാട് ജില്ലയ്ക്കായി എന്തു തുക നീക്കിവെച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

ഡാമുകളുടെ ഡീസിൽറ്റേഷനിലൂടെ ലഭിക്കുന്ന വരുമാനത്തിൽനിന്ന് ജില്ലകളിലെ വികസന പ്രവർത്തനത്തിനായി പ്രത്യേക തുക നീക്കിവയ്ക്കാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ അത്തരം ജില്ലകൾക്ക് പ്രത്യേക പാക്കേജ് തയ്യാറാക്കാൻ ഉദ്ദേശമുണ്ട്.

**മാന്ദ്യ വിരുദ്ധ പാക്കേജ്**

**132 (5837)** പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ എത്ര പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാന്ദ്യവിരുദ്ധ പാക്കേജ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ 14 പ്രവർത്തികൾ ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞു. ടി പാക്കേജിൽ ഉൾപ്പെടുത്തി ടൂറിസം പ്രാധാന്യമുള്ള 20 റോഡുകൾ നവീകരിക്കാൻ സംസ്ഥാന ബഡ്ജറ്റിൽ 52 കോടി രൂപ അനുവദിക്കുകയും അതനുസരിച്ച് പ്രവർത്തി ആരംഭിക്കുന്നതിന് ഭരണാനുമതി

LIBRARY ARCHIVES Kerala Legislative Assembly